LIBRARY ARCHIVES KeralaLegislative Assembly

ഉത്തരം

(എ & ബി) ഭരണ ഘടനയുടെ അനുച്ഛേദം 290 എ പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിന് 46.5 ലക്ഷം രൂപ നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിൽ 40.5 ലക്ഷം രൂപ തിരുവിതാംകൂർ ദേവസ്വം ബോർഡിനും 6 ലക്ഷം രൂപ ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിനും നൽകിവന്നിരുന്നു. 2003-ലെ സർക്കാർ ഉത്തരവ് ജി.ഒ. (എംഎസ്.) നമ്പർ 378/2003/ആർഡി പ്രകാരം ഈ തുക 1 കോടി രൂപയായി വർദ്ധിപ്പിച്ചു. (80 ലക്ഷം രൂപ തിരുവിതാംകൂർ ദേവസ്വം ബോർഡിനും 20 ലക്ഷം രൂപ ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിനും) ഈ തുക കാലോചിതമായി പരിഷ്കരിക്കണമെന്ന തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ആവശ്യം പരിഗണിച്ച് പ്രസ്തുത ഗ്രാന്റ് വർദ്ധിപ്പിച്ച് നൽകുന്നതിനുപകരം ശബരിമല മണ്ഡല-മകരവിളക്ക് ഉത്സവത്തിനോടനുബന്ധിച്ച് ഡ്യൂട്ടി ചെയ്യുന്ന പോലീസുകാർക്ക് തിരുവിതാംകൂർ ദേവസ്വം ബോർഡ് നൽകിവന്നിരുന്ന മെസ്സ് സബ്സിഡിയും ഡോക്ടേഴ്സിന്റെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും റ്റി.എ./ഡി.എ. ഇനത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് നൽകിവന്നിരുന്ന തുകയും സർക്കാർ പൂർണ്ണമായി വഹിക്കുന്നതിന് 2011-ലെ ജി.ഒ (എംഎസ്.) നമ്പർ 418/2011/ആർ.ഡി ഉത്തരവ് പ്രകാരം തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ വർഷവും അധിക തുക അനുവദിച്ചുവരികയും ചെയ്തുവരുന്നുണ്ട്.

ആലപ്പുഴ മെഡിക്കൽ കോളേജ് നടത്തിയ പ്രൊബേഷൻ

98 (8158) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ആലപ്പുഴ മെഡിക്കൽ കോളേജിൽ 2011-ൽ സ്റ്റാഫ് നേഴ്സ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച എത്ര ജീവനക്കാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്ത് നൽകുവാനുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ;

(ബി) പ്രസ്തുത ജീവനക്കാരുടെ പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് പി.എസ്.സി. വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് എന്നിവ ബന്ധപ്പെട്ടവരിൽ നിന്ന് ലഭ്യമാക്കുവാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(സി) ഈ വിഭാഗം ജീവനക്കാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാനുള്ള നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2011-ൽ ജോലിയിൽ പ്രവേശിച്ച 9 സ്റ്റാഫ് നഴ്സുമാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുവാനുണ്ട്. പ്രോബേഷൻ ഡിക്ലയർ ചെയ്യുവാനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട് ലഭ്യമാക്കുന്നതിനുവേണ്ടി ആലപ്പുഴ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ വിവിധ പോലീസ് മേധാവികൾക്ക് നിശ്ചിത മാതൃകയിലുള്ള അപേക്ഷ അയച്ചുകൊടുത്തിട്ടുണ്ട്. അതിൽ 2 പേരുടെ വെരിഫിക്കേഷൻ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ടി ജീവനക്കാരുടെ വെരിഫിക്കേഷൻ നടത്തുന്നതിനുള്ള ശിപാർശ ആലപ്പുഴ ജില്ലാ പി.എസ്.സി. ഓഫീസർക്ക് അയച്ചുവെങ്കിലും, നിലവിൽ ടി ജീവനക്കാരുടെ നിയമനാധികാരി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറായതിനാൽ പ്രസ്തുത ശിപാർശ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം അയയ്ക്കാൻ പി.എസ്.സി. ആവശ്യപ്പെട്ടു. ആയത് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പി.എസ്.സി.-ക്ക് അയയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ടി ജീവനക്കാരുടെ നിയമനം ക്രമീകരിച്ച് പി.എസ്.സി. ഉത്തരവാകുന്ന മുറയ്ക്ക് പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഇരുവായൂരിലെ ഒരുമനയൂർ പഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി

99 (8159) ശ്രീ. കെ. വി. അബ്ദുൾഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഇരുവായൂർ മണ്ഡലത്തിൽ ഒരുമനയൂർ പഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി അനുവദിക്കണമെന്ന പഞ്ചായത്ത് ഭരണസമിതിയുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആയത് അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഹോമിയോ ഡിസ്പെൻസറി അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.